# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 28-07-2024**

### പ്രധാനവാർത്തകൾ

1. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാജ്യമെമ്പാടും 'ഹർ ഘർ തിരംഗ അഭിയാൻ' ക്യാമ്പെയ്ൻ സംഘടിപ്പിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. മൻ കി ബാത്തിന്റെ 112 ആം പതിപ്പിൽ പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്തു.
2. മയക്കുമരുന്നിന് എതിരെയുള്ള പോരാട്ടത്തിൽ രാജ്യത്തെ മുഴുവൻ ജനങ്ങളും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ.
3. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ സ്വർണ്ണ പ്രതീക്ഷയുമായി ഷൂട്ടിങ് താരം മനു ഭാകർ ഇന്നിറങ്ങും.
4. ഏഷ്യാ കപ്പ് - വനിതാ ട്വന്റി-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.
5. 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിനിൽ കൈകോർത്ത് സംസ്ഥാന സർക്കാരും പ്രതിപക്ഷവും ; 2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം.
6. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത ; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം വിലക്കി.

******************************************

RJU TVPM

ഹെഡ്‌ലൈൻ-1

## ഹർ ഘർ തിരംഗ അഭിയാൻ (ഇൻട്രോ)

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാജ്യമെമ്പാടും 'ഹർ ഘർ തിരംഗ അഭിയാൻ' ക്യാമ്പെയ്ൻ സംഘടിപ്പിക്കണമെന്ന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുൻവർഷങ്ങളിലെപോലെ ഈ വർഷവും ത്രിവർണ്ണ പതാകയ്ക്ക് ഒപ്പമുള്ള സെൽഫി 'harghartiranga.com' ൽ പങ്കു വെക്കണമെന്നും ശ്രീ മോദി മൻ കി ബാത്തിന്റെ 112 ആം പതിപ്പിലൂടെ ഓർമപ്പെടുത്തി.

(പി.എം. വോയിസ്)

സ്വാതന്ത്ര്യ ദിനത്തിന് മുൻപ് രാഷ്ട്ര വികസനത്തെ കുറിച്ചുള്ള ആശയങ്ങളും നിർദ്ദേശങ്ങളും MyGov അല്ലെങ്കിൽ NaMo ആപ്പിൽ അയക്കണമെന്നും ഓഗസ്റ്റ് 15 ന് ജനങ്ങളെ അഭിസംബോധന ചെയ്യുന്ന അവസരത്തിൽ ഈ നിർദ്ദേശങ്ങൾ പരമാവധി ഉൾപ്പെടുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNUTVPM

******************************************

## ഖാദി-മൻ കി ബാത്ത്

രാജ്യത്ത് ഖാദി ഉത്പന്നങ്ങളുടെ വിൽപ്പന 400 ശതമാനം വർധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇതാദ്യമായാണ് ഖാദി ഗ്രാമവ്യവസായത്തിന്റെ വിറ്റുവരവ് ഒന്നരലക്ഷം കോടി കടക്കുന്നത്. ഖാദിയുടേയും കൈത്തറിയുടെയും വർധിച്ചുവരുന്ന വിൽപ്പന പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും മേഖലയിലെ സ്ത്രീ പങ്കാളിത്തം വളരെ കൂടുതലാണെന്നും അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു. ഖാദി വസ്ത്രങ്ങൾ വാങ്ങുകയും ധരിക്കുകയും ചെയ്യണമെന്നും ശ്രീ മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു. കൈത്തറി വ്യവസായം

പ്രോത്സാഹിപ്പിക്കുന്നതും കൈത്തറി ഉത്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതും ലക്ഷ്യമിട്ടായിരിക്കണം ഓഗസ്റ്റ് 7 ന് ദേശീയ കൈത്തറി ദിനം ആഘോഷിക്കേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു.

****************************************

ഹെഡ്‌ലൈൻ-2

## മയക്കു മരുന്ന് പ്രതിരോധം (ഇൻട്രോ)

മയക്കുമരുന്നിനെതിരെയുള്ള പോരാട്ടത്തിൽ രാജ്യത്തെ മുഴുവൻ ജനങ്ങളും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രക്ഷേപണ പരിപാടിയായ മൻ കി ബാതിൽ ആശയങ്ങൾ പങ്കു വയ്ക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ 'മയക്കുമരുന്ന് വിമുക്ത'മാക്കുന്നതിനുള്ള സർക്കാർ സംരംഭമായ "മാനസ് ഹെൽപ്പ് ലൈൻ പരമാവധി ഉപയോഗപ്പെടുത്തണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

(പി.എം. വോയിസ്)

****************************************

## കടുവ- മൻ കി ബാത് (ഇൻട്രോ)

നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ് കടുവകളെന്നും ലോകത്തിലെ കടുവകളിൽ 70 ശതമാനവും ഇന്ത്യയിലാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാതിൽ പറഞ്ഞു. രാജസ്ഥാനിലെ രൺധമ്പോറിൽ, കടുവകൾക്ക് മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കാൻ ആരംഭിച്ച, 'കുൽഹാഡി ബന്ദ് പഞ്ചായത്ത്' ക്യാമ്പയിൻ പ്രധാനമന്ത്രി പരാമർശിച്ചു. മഹാരാഷ്ട്രയിലെ തഡോബ-അന്ധാരി ടൈഗർ റിസർവിലെ പ്രാദേശിക സമുദായങ്ങളായ ഗോണ്ട്, മാന

RNU TVPM

ഗോത്രങ്ങൾ, ആന്ധ്രാപ്രദേശിലെ 'ചേഞ്ചു' ഗോത്രം തുടങ്ങിയവയുടെ ശ്രമങ്ങളും ഉത്തർപ്രദേശിലെ പീലിഭീത്തിൽ നടക്കുന്ന 'ബാഘ് മിത്ര പരിപാടിയും ശ്രീ മോദി എടുത്തു പറഞ്ഞു.

(പി.എം. വോയിസ്)

****************************************

മൻ കി ബാത്ത് (ഇൻട്രോ)

പാരീസ് ഒളിമ്പിക്സ് വേദിയിൽ ത്രിവർണപതാക ഉയർത്താനുള്ള മികച്ച അവസരമാണ് സംജാതമായിരിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഒളിമ്പിക്സിൽ പങ്കെടുക്കുന്ന നമ്മുടെ കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു. പൈതൃകം, പരിസ്ഥിതി, കല, കൈത്തറി വ്യവസായം തുടങ്ങിയ വിഷയങ്ങൾ പ്രധാനമന്ത്രി ഇത്തവണത്തെ മൻ കി ബാത്തിൽ പരാമർശിച്ചു.

ഒരു റിപ്പോർട്ട്.....

(വോയിസ്)

*അന്താരാഷ്ട്ര ഗണിത ഒളിമ്പ്യാഡിൽ മികച്ച പ്രകടനം കാഴ്ച വച്ച വിദ്യാർത്ഥി സംഘവുമായുള്ള ഫോൺ സംഭാഷണം പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കു വച്ചു. യുനെസ്കോയുടെ ലോക പൈതൃക ഇടങ്ങളുടെ പട്ടികയിൽ സ്ഥാനം ലഭിച്ച അസമിലെ ചരായിദേവ് മൊയ്ദാംസിലേക്ക് കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ മോദി പറഞ്ഞു. ഭൂമിയെ ഒരു സ്വർഗ്ഗമാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള പ്രൊജക്റ്റ് പരി അഥവാ Public Art of India ഏറെ ജനകീയമായതായും അദ്ദേഹം അഭിപ്രായപ്പെട്ടു.*

RNU TVPM

*രാജ്യത്തുടനീളം മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള 'ഏക് പേട് മാ കേ നാം' എന്ന പരിപാടിക്കും വലിയ ജനപങ്കാളിത്തമാണുണ്ടാകുന്നത്. ടലോകമെമ്പാടും നാളെ കടുവ ദിനമായി ആഘോഷിക്കുന്ന അവസരത്തിൽ, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ കടുവ സംരക്ഷണത്തിലെ പൊതുജനപങ്കാളിത്തം ഏറെ പ്രയോജനം ചെയ്തതായി പ്രധനമന്ത്രി അറിയിച്ചു. കൈത്തറി ഉൾപ്പടെയുള്ള പ്രാദേശിക ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹാഷ്ടാഗ് മൈ പ്രൊഡക്റ്റ് മൈ പ്രൈഡ്' എന്ന പേരിൽ സമൂഹമാധ്യമങ്ങളിൽ പങ്കു വെക്കണമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.*
***ന്യൂസ്ഡെസ്ക് ആകാശവാണി......***

*****************************************

## ഒളിമ്പിക്സ്-റിസൽട്ട്

RNU TVPM

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് വിജയ തുടക്കം. ഇന്നലെ, ഇന്ത്യൻ പുരുഷ ഹോക്കി സംഘം, ന്യൂസിലൻഡിനെ പരാജയപ്പെടുത്തി. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ, ആദ്യ റൗണ്ട് മത്സരം വിജയിച്ചു. ബാഡ്മിന്റൺ ഡബിൾസിൽ, ചിരാഗ് ഷെട്ടി-സാത്വിക്സായിരാജ് രങ്കിറെഡ്ഡി സഖ്യവും മികച്ച വിജയം നേടി. പുരുഷ സിംഗിൾസ് ടേബിൾ ടെന്നീസ് പ്രാഥമിക റൗണ്ടിൽ ഹർമീത് ദേശായി വിജയിച്ചു. റോവിങ്ങിൽ ബൽരാജ് പൻവാർ, പുരുഷന്മാരുടെ സിംഗിൾ സ്കൾസ് ഇനത്തിൽ നാലാം സ്ഥാനത്തോടെ റെപ്പെഷാജ് റൗണ്ടിലെത്തി. വനിതകളുടെ 54 കിലോഗ്രാം ബോക്സിംഗ് വിഭാഗത്തിൽ പ്രീതി പവാർ, പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

*****************************************

## ഹെഡ്‌ലൈൻ-3

## ഒളിമ്പിക്സ്-ഷെഡ്യൂൾ

പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണ പ്രതീക്ഷയുമായി ഇന്ത്യയുടെ ഷൂട്ടിങ് താരം മനു ഭാകർ ഇന്നിറങ്ങും. ഇന്ന് വൈകിട്ട് വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഫൈനലിൽ മനു ഭാകർ മത്സരിക്കും. വനിതകളുടെ അമ്പെയ്ത്തിൽ ദീപിക കുമാരി, അങ്കിത ഭകത്, ഭജൻ കൗർ എന്നിവരടങ്ങിയ ത്രയം സെമി ഫൈനൽ യോഗ്യത ലക്ഷ്യമിട്ടാണ് ഇന്ന് മത്സരിക്കുന്നത്. ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ, പി. വി. സിന്ധുവും പുരുഷ സിംഗിൾസിൽ എച്ച്. എസ്. പ്രണോയ്-യും ഇന്ന് കളത്തിലിറങ്ങും. പാരീസ് ഒളിമ്പിക്സിലെ ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ അത്‌ലറ്റ് ധിനിധി ദേസിംഘും ഇന്ന് 200 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിൽ മത്സരിക്കും.

****************************************

## ഹെഡ്‌ലൈൻ-4

### വനിതാ ക്രിക്കറ്റ്

RNU TVPM

ഏഷ്യാ കപ്പ് - വനിതാ ട്വന്റി -20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. സെമി ഫൈനലിൽ ഇന്ത്യ ബംഗ്ലാദേശിനെയും ശ്രീലങ്ക പാകിസ്ഥാനെയും തോൽപ്പിച്ചിരുന്നു. വൈകിട്ട് മൂന്നിന് ശ്രീലങ്കയിലെ ദംബുള്ളയിലാണ് ഫൈനൽ.

****************************************

### ഇന്ത്യ-ശ്രീലങ്ക ടി-20

ശ്രീലങ്കയിൽ നടക്കുന്ന ഇന്ത്യ-ശ്രീലങ്ക ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. രാത്രി 7 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യ 43 റൺസിന് വിജയിച്ചു.

****************************************

## ഹെഡ്‌ലൈൻ-5

## മുഖ്യമന്ത്രി-സർവ്വകക്ഷിയോഗം

2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം നടത്താൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ. വരുന്ന ഗാന്ധിജയന്തി ദിനത്തിലാരംഭിച്ച് 2025 മാർച്ച് 30 വരെ നീണ്ടുനിൽക്കുന്ന 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള തീരുമാനത്തിന് ഇന്നലെ ചേർന്ന സർവ്വകക്ഷിയോഗം പിന്തുണ അറിയിച്ചു. എല്ലാ പൊതുപരിപാടികളും ഹരിത ചട്ടം പാലിച്ച് നടത്തണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. മാലിന്യ നിർമ്മാർജനത്തിന് തടസ്സമാകുന്ന നിരോധിത വസ്തുക്കൾ ഉൽപാദിപ്പിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ കർശന സംവിധാനം വേണമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു.

****************************************

RNU TVPM

## കർണാടക-ഷിരൂർ

കർണാടകത്തിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരച്ചിൽ തുടരുന്നു. പ്രാദേശിക മുങ്ങൽ വിദഗ്ധനായ ഈശ്വർ മാൽപെയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നും പരിശോധന നടത്തുന്നുണ്ട്. ഗംഗാവലി നദിയിലെ അടിയൊഴുക്കാണ് ദൗത്യ സംഘം നേരിടുന്ന വലിയ വെല്ലുവിളി. പ്രാദേശിക മത്സ്യത്തൊഴിലാളികളടക്കം നിരവധി പേർ തിരച്ചിലിൽ പങ്കാളികളാണ്.

****************************************

## ഹെഡ്‌ലൈൻ-6

## മഴ

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

****************************************

## വയനാട് - മഴ

വയനാട്ടിൽ വീണ്ടും മഴ ശക്തമാകുന്നു. വയനാട് ബാണാസുരസാഗർ അണക്കെട്ടിൽ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഡാം തുറന്നാൽ ജലം ഒഴുകിയെത്താൻ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

RNU TVPM

****************************************

## കോഴിക്കോട്-മരം

കോഴിക്കോട് മലയോര മേഖലയിൽ രാവിലെ ശക്തമായ കാറ്റിൽ മരം വീണ് ഗതാഗത തടസ്സം. ഒരു വീട് ഭാഗികമായി തകർന്നു. ഫയർ ഫോഴ്സ് എത്തി ഗതാഗതം പുനഃസ്ഥാപിച്ചു.

*

********************

************************************************************